## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 7010 — 02.11.2011 ൽ മറുപടിക്ക്

### പേരാവൂർ-കൊട്ടിയൂർ-മാനന്തവാടി റോഡ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്തുവകുപ്പു മന്ത്രി)** |
| (എ) പേരാവൂർ - കൊട്ടിയൂർ - മാനന്തവാടി റോഡ് വീതി കൂട്ടി നികത്തി നവീകരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ;<br><br>(ബി) ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ? | (എ) & (ബി) | പേരാവൂർ - കൊട്ടിയൂർ - മാനന്തവാടി റോഡിൻെറ കണ്ണൂർ ഡിവിഷൻെറ കീഴിൽ വരുന്ന ഭാഗമായ പേരാവൂർ - കൊട്ടിയൂർ റോഡിൽ മണത്തന മുതൽ അമ്പായത്തോട് (കി.മീ.3/380 മുതൽ 20/100 വരെ) വരെയുള്ള ഭാഗം വീതികൂട്ടി ഹിൽ ഹൈവേ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് 815 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ വീതി കൂട്ടുന്നതിനാവശ്യമായ സ്ഥലം സൗജന്യമായി ലഭിച്ചിരുന്നില്ല. തുടർന്ന് എം.എൽ.എ-യുടെ നിർദ്ദേശ പ്രകാരം നിലവിലുള്ള 5.50 മീറ്റർ വീതിയിൽ മക്കാഡം ടാറിംഗ് നടത്തുന്നതിന് തീരുമാനിക്കുകയും, ആയതിനുള്ള എസ്റ്റിമേറ്റിന് 815 ലക്ഷം രൂപയ്ക്കുള്ള സാങ്കേതികാനുമതി നൽകുകയുമുണ്ടായി. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. മണത്തന മുതൽ അമ്പായത്തോട് വരെയുള്ള 16.70 കി.മീറ്ററിൽ 4 കി.മീ. ഒഴികെയുള്ള ഭാഗം 12 മീറ്റർ വീതിയാക്കി കൂട്ടുന്നതിനുള്ള സമ്മതപത്രങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിൻെറ അധീനതയിലുണ്ട്. |

ന്നറിയുന്നു. സമ്മതപത്രം ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി ഭാഗം കൂടി വീതി കൂട്ടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

പേരാവൂർ - കൊട്ടിയൂർ - മാനന്തവാടി റോഡിൻെറ കണ്ണൂർ ഡിവിഷൻെറ കീഴിലുള്ള ബോയ്സ് ടൗൺ മുതൽ മാനന്തവാടിവരെയുള്ള ഭാഗം വീതികൂട്ടി നവീകരിക്കുന്നതിനുള്ള നടപടികൾ ഏറ്റെടുത്തിട്ടില്ല.

വയനാട് ചുരം ഡിവിഷൻെറ കീഴിലുള്ള കീ.മി.0/000 മുതൽ 6/270 വരെയുള്ള റോഡ് നവീകരിക്കുന്നതിലേക്കായി 805 ലക്ഷത്തിൻേറയും കീ.മി. 5/000 മുതൽ 5/400 വരെയുള്ള ഇടുങ്ങിയ സ്ഥലം സംരക്ഷണ ഭിത്തികെട്ടി വീതികൂട്ടുന്നതിനായി 465 ലക്ഷം രൂപയുടേയും എസ്റ്റിമേറ്റുകൾ ചീഫ് എൻജിനീയർ തലത്തിൽ തയ്യാറാക്കി പരിശോധിച്ചുവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തികൾ 2012-2013 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നകാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ